# Deepika

## 28 August 2018

## Thiruvananthapuram : After flood, Relief operations, Flood relief fund



### കണ്ണീർപ്രളയം താണ്ടാൻ കേരളത്തിനു സുപ്രീംകോടതി ജഡ്ജിമാരുടെ സംഗീതസാന്ത്വനം

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി:** "വികാരനൗകയുമായി തിരമാലകളാകെയുലഞ്ഞു...." കണ്ണീരുപ്പു കലർന്ന പ്രളയ ജലത്തിൽ നിന്നും കരകയറിക്കൊണ്ടിരിക്കുന്ന കേരള ജനതയ്ക്കു വേണ്ടി ഇന്നലെ ഈ ഗാനം ഗന്ധർവ ശബ്ദത്തിൽ ആലപിച്ചത് സുപ്രീംകോടതി ജഡ്ജി കെ.എം. ജോസഫാണ്. പ്രശസ്ത ബോളിവുഡ് ഗായകൻ മോഹിത് ചൗഹാനൊപ്പം വീ ഷാൽ ഓവർ കം എന്ന ഗാനം ആലപിച്ചാണ് ജസ്റ്റീസ് കുര്യൻ ജോസഫ് ദുരിതക്കയത്തിലകപ്പെട്ട നാടിനെ സാന്ത്വനിപ്പിച്ചത്. പ്രളയക്കെടുതിയിൽ അകപ്പെട്ട കേരളത്തിന് വേണ്ടിയുള്ള ധനശേഖരണാർഥം സുപ്രീംകോടതിയിലെ നിയമകാര്യ ലേഖകർ സംഘടിപ്പിച്ച പരിപാടിയിലാണ് കേരളത്തെ പാട്ടുപാടി സാന്ത്വനിപ്പിച്ചു സുപ്രീംകോടതി ജഡ്ജിമാർ വേദിയിലെത്തിയത്.

രക്ഷാപ്രവർത്തനത്തിൽ നിർണായക പങ്ക് വഹിച്ച മത്സ്യത്തൊഴിലാളികൾക്കു വേണ്ടിയാണ് മമ്മൂട്ടിയുടെ ഹിറ്റ് സിനിമയായ അമരത്തിലെ "വികാരനൗകയുമായി തിരമാലകളാകെയുലഞ്ഞു" എന്ന ഗാനം ജസ്റ്റീസ് കെ.എം ജോസഫ് ആലപിച്ചത്. മറ്റൊരു ഹിന്ദി ഗാനം കൂടി പാടിയിട്ടാണ് അദ്ദേഹം വേദി വിട്ടിറങ്ങിയത്. തിരികെ ഇരിപ്പിടത്തിനരുകിലെത്തിയ ജസ്റ്റീസ് കെ.എം ജോസഫിനെ ചീഫ് ജസ്റ്റീസ് ദീപക് മിശ്ര എഴുന്നേറ്റ് ചെന്ന് അനുമോദിക്കുകയും ചെയ്തു.

ചീഫ് ജസ്റ്റീസ് ദീപക് മിശ്ര അധ്യക്ഷത വഹിച്ചു. സുപ്രീംകോടതിയിലെയും ഡൽഹിയിലെ മറ്റു കോടതികളിലെയും ജഡ്ജിമാരും മുതിർന്ന അഭിഭാഷകരും പരിപാടിക്കെത്തിയിരുന്നു.

ഹിന്ദുസ്ഥാൻ ടൈംസിന്റെ നിയമകാര്യ ലേഖിക ഭദ്ര സിംഗ്, ഗൗരി പ്രിയ എന്നിവരുടെ ഭരതനാട്യവും കീർത്തന ഹരീഷിന്റെ നൃത്തവും ഉണ്ടായിരുന്നു. പരിപാടിയിൽ നിന്നു ലഭിച്ച മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കൈമാറും.

### രാഹുൽ ഗാന്ധി ഇന്ന് എത്തും

**തിരുവനന്തപുരം:** സംസ്ഥാനത്തെ പ്രളയബാധിത പ്രദേശങ്ങളിൽ കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ ദ്വിദിന പര്യടനം ഇന്ന് ആരംഭിക്കും.

പുലർച്ചെ 3.30 ന് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം 10.15ന് ഹെലികോപ്റ്ററിൽ ചെങ്ങന്നൂരിനു പോകും. 11.45 വരെ ചെങ്ങന്നൂരിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കും. തുടർന്ന് ഹെലികോപ്റ്ററിൽ ആലപ്പുഴയിലേക്ക്. 12.30 മുതൽ 1.30 വരെ ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിക്കുകയും മത്സ്യത്തൊഴിലാളികളെ അനുമോദിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയും ചെയ്യും.

2.30ന് ആലപ്പുഴയിൽ നിന്നു കൊച്ചിയിലേക്കു തിരിക്കും. 3.45 മുതൽ 6.15 വരെ ആലുവയിലെ ദുരിതാശ്വാസ ക്യാമ്പുകളും ചാലക്കുടിയിലെയും ചേന്ദമംഗലത്തേയും പ്രളയബാധിത പ്രദേശങ്ങളും സന്ദർശിക്കും. തുടർന്ന് കൊച്ചിയിൽ വിശ്രമം.

നാളെ രാവിലെ 10 ന് വിമാനത്തിൽ കോഴിക്കോടിന്. 10.45ന് കോഴിക്കോട്ടുനിന്ന് വയനാട്ടിലേക്ക് ഹെലികോപ്റ്ററിൽ. 12.30 വരെ പ്രളയത്തിൽ തകർന്ന കോട്ടത്തറ ഗ്രാമം സന്ദർശിക്കും. തുടർന്നു കോഴിക്കോട് വഴി ഡൽഹിക്കു മടങ്ങും.